**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3354** **13-07-2022 - ൽ മറുപടിയ്ക്ക്**

**മ്യൂറൽ പെയിന്റിംഗുകളും കൊത്തുപണികളും സംരക്ഷിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | പുരാരേഖകളും പുരാലിഖിതങ്ങളും സംരക്ഷിക്കുന്നതിന്റെ ഭാഗമായി കാസർഗോഡ് ജില്ലയിലെ പ്രധാന ക്ഷേത്രങ്ങളിലെ മ്യൂറൽ പെയിന്റിംഗുകൾ, കൊത്തുപണികൾ എന്നിവ സംരക്ഷിക്കാൻ മ്യൂസിയം വകുപ്പിന്റെ നേതൃത്വത്തിൽ നടപടികൾ സ്വീകരിക്കുമോ? | (എ) | കാസർഗോഡ് ജില്ലയിൽ നിലവിൽ കേരള പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരക പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അനന്തപുരം ക്ഷേത്രത്തിലെ ചുവർചിത്രം, ഉദിനൂർ ക്ഷേത്രപാലക ക്ഷേത്ര കൊട്ടാരത്തിലെ കൊത്തുപണികൾ എന്നിവ വകുപ്പ് സംരക്ഷിച്ചുവരുന്നുണ്ട്. ഇത് കൂടാതെ കാഞ്ഞങ്ങാട് നിയമസഭാ മണ്ഡലത്തിലുള്ള മടിയൻ കൂലോം ക്ഷേത്രപാലക ക്ഷേത്രം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരക പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പ്രസ്തുത ക്ഷേത്രം സംരക്ഷിത സ്മാരക പട്ടികയിൽ ഉൾപ്പെടുത്തുന്ന മുറക്ക് ഇവിടുത്തെ ദാരുശില്പങ്ങൾ സംരക്ഷിക്കുന്നതിന് വകുപ്പ് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ